പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3373* *22.08.2017 ലെ മറുപടിക്ക്*

**നോർക്ക ക്ഷേമപദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. പി. ടി. തോമസ് :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. അനിൽ അക്കര : | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) ഡൽഹി, മുംബൈ, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നോർക്ക ഓഫീസ് പ്രവർത്തിക്കുന്നുവെങ്കിലും വളരെ ചുരുക്കം മലയാളികൾ മാത്രമേ നോർക്കയുടെ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന, ആനുകൂല്യങ്ങളും ആരോഗ്യ സുരക്ഷാ പദ്ധതികളും ലഭ്യമല്ലാത്ത മറുനാടൻ മലയാളികളിലേക്ക് നോർക്കയുടെ ക്ഷേമ പദ്ധതികൾ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) മറുനാടൻ മലയാളികൾ കൂടുതലായി താമസിക്കുന്ന സംസ്ഥാനങ്ങളിൽ നോർക്ക സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സെല്ലുകളിലെ ഉദ്യോഗസ്ഥർ അതാത് സംസ്ഥാനത്തെ മലയാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അപേക്ഷകളും പരാതികളും സ്വീകരിച്ച് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. നോർക്ക ക്ഷേമപദ്ധതികളെക്കുറിച്ച് വ്യാപകമായ പരസ്യ പ്രചാരണങ്ങൾ പത്ര മാധ്യമങ്ങളിലൂടെ നൽകി വരുന്നുണ്ട്. മറുനാടൻ മലയാളികൾ ക്കിടയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.